# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5501    24.05.2017- ൽ മറുപടിയ്ക്ക്

## നിതാഖത്ത് നടപ്പിലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്നവർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* | |
| എ) | ഗൾഫ് രാജ്യങ്ങളിൽ നിതാഖത്ത് നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തേക്ക് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്നവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; | എ) | 2013-ൽ ഗൾഫ് രാജ്യങ്ങളിൽ, പ്രത്യേകിച്ച് സൗദി അറേബ്യയിൽ, സ്വദേശി വൽക്കരണം (നിതാഖത്) ആരംഭിച്ചപ്പോൾ പ്രവാസികളുടെ വിവര ശേഖരണത്തിനായി വിവിധ എയർപോർട്ടുകളിൽ ഏർപ്പെടുത്തിയിരുന്ന നോർക്ക റൂട്ട്സ് ഹെൽപ് ഡെസ്കുകളും ഓൺലൈൻ സംവിധാനവും മുഖാന്തിരം 01.04.2013 മുതൽ 31.12.2013 വരെ 22,634 പേർ തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രവാസി തിരികെയെത്തുന്നത് നിതാഖത് നിയമം കാരണം ജോലി നഷ്ടപ്പെട്ടിട്ടാണോ എന്ന വിവരം കൃത്യമായി തിരിച്ചറിയാൻ കഴിയാത്തതിനാൽ നിതാഖത് നിയമം മൂലം തിരിച്ചെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| ബി) | മടങ്ങി വന്നവർക്ക് എന്തെല്ലാം പുനരധിവാസ പാക്കേജുകളാണ് പ്രഖ്യാപിച്ചിരുന്നത് ; | ബി) | നിതാഖത് മുഖാന്തിരം മടങ്ങിവന്നവരെ കൂടി തിരികെയെത്തുന്ന പ്രവാസികൾക്കു വേണ്ടിയുള്ള പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി പ്രകാരം പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം |

തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നല്കുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ വരെ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

സി) പ്രസ്തുത പാക്കേജുകൾ പ്രകാരം ഇതിനകം എത്രപേർക്ക് ആനുകൂല്യം നല്കിയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

സി) നാളിതുവരെ 1333 പേർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം പുനരധിവാസ ആനുകൂല്യം നല്കിയിട്ടുള്ളത്. സബ്സിഡിയിനത്തിൽ നാളിതുവരെ 12.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**